പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: * 325 30.01.2014 ൽ മറുപടിക്ക്

# അപകടമരണങ്ങൾ തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ :<br>,, മോൻസ് ജോസഫ് :<br>,, സി. എഫ്. തോമസ് :<br>,, റ്റി. യു. കുരുവിള : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് അപകടമരണങ്ങൾ തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന വാഹനാപകടങ്ങൾ തടയുന്നതിനായി പോലീസ്, മോട്ടോർ വാഹനം, ആരോഗ്യം, പൊതുമരാമത്ത് തുടങ്ങിയ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് വിവിധ റോഡ് സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുന്നതിന് 2007 ൽ കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് രൂപം നൽകുകയും ടി അതോറിറ്റി മുഖേന ടി വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു:-<br>**1. റോഡ് സുരക്ഷാ ബോധവൽകരണം**<br>(i). റോഡ് സുരക്ഷയെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിലേക്കായും അച്ചടക്കമുള്ള ഒരു ട്രാഫിക് സംസ്കാരം സമൂഹത്തിൽ വളർത്തിയെടുക്കുന്നതിന്റെ ആവശ്യകതയെ കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനുമായും ടെലിവിഷൻ വഴി ഫിലിമുകൾ സംപ്രേക്ഷണം ചെയ്യുന്നു. എഫ്.എം റേഡിയോ മുഖേനയും റോഡ് |

സുരക്ഷയെപ്പറ്റിയുള്ള സന്ദേശങ്ങൾ നിരന്തരമായി പ്രചരിപ്പിക്കുന്നുണ്ട്.

(ii). ടിപ്പർ ലോറി/ചരക്കുവാഹനം എന്നിവയുടെ ഡ്രൈവർമാർക്ക് നാറ്റ്പാക്ക് മുഖേന റോഡുസുരക്ഷാ ബോധവൽക്കരണവും പരിശീലനവും നല്കുന്നു.

(iii). എല്ലാ വർഷവും ജനുവരി മാസത്തിൽ സംഘടിപ്പിക്കുന്ന റോഡ് സുരക്ഷാ വാരാഘോഷത്തിനോട അനുബന്ധിച്ച് കേരളത്തിലെ എല്ലാ ഇലക്ട്രോണിക്സ് അച്ചടി മാധ്യമങ്ങൾ മുഖേനയും റോഡ് സുരക്ഷ സന്ദേശങ്ങൾ ജനങ്ങളിലെത്തിക്കുന്നുണ്ട്. റോഡ് സുരക്ഷാ ബോധവൽക്കരണം വ്യാപകമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ സിനിമാ തീയേറ്ററുകളിലൂടെയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പ്രചാര ചിത്രങ്ങൾ സംപ്രേക്ഷണം ചെയ്യുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(iv). രാത്രികാല സവാരി നടത്തുന്ന ഡ്രൈവർമാരെയും യാത്രക്കാരെയും ബോധവൽക്കരിക്കുന്നതിനായി അച്ചടിച്ച "Safe night driving " എന്ന ലഘു ലെറ്റുകൾ കേരളത്തിലെ മൂന്നു അന്താരാഷ്ട്ര വിമാനത്താവളങ്ങൾക്കും ചുറ്റിലുമുള്ള റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ രാത്രികാലങ്ങളിൽ വിതരണം ചെയ്തുവരുന്നു.

(V). അച്ചടിച്ച 'റോഡ്' റെഗുലേഷൻസ്' എന്ന ലീഫ് ലെറ്റുകൾ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ മുഖേന എല്ലാ ജില്ലകളിലും വിതരണം ചെയ്തു വരുന്നു.

(Vi). നാറ്റ്പാക് തയ്യാറാക്കിയ "സ്കൂളിലേയ്ക്കുള്ള സുരക്ഷിത പാത" എന്ന പുസ്തകത്തിന്റെയും, അധ്യാപക പഠന സഹായി എന്ന പുസ്തകത്തിന്റെയും ഇംഗ്ലീഷ്, മലയാളം വാല്യങ്ങളുടെ അച്ചടിച്ച പകർപ്പുകൾ സ്കൂൾ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്ന പദ്ധതിയുടെ ഭാഗമായി ആർ.ടി.ഒ മാർ മുഖേന കേരളത്തിലെ സ്കൂളുകളിൽ വിതരണം ചെയ്തു വരുന്നു.

(Vii). സ്കൂൾ വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷാ ബോധവൽക്കരണം നൽകുന്നതിന്റെ ഭാഗമായി നാറ്റ്പാക് തയ്യാറാക്കിയ അഞ്ച് റോഡ് സുരക്ഷാ ഹ്രസ്വ ചിത്രങ്ങൾ കേരളത്തിലെ സ്കൂളുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

**2. റോഡ് സുരക്ഷാ ക്ലബ്**

റോഡ് സുരക്ഷയെ സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാക്കുവാനും റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ കൂടി പങ്കാളികളാക്കുവാനും കേരളത്തിലെ സ്കൂൾ/കോളേജുകളിൽ റോഡ് സുരക്ഷാ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ക്ലബ്ബുകൾ കേരളത്തിലെ എല്ലാ

സ്കൂളുകളിലും കോളേജുകളിലും സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**3. റോഡ് സുരക്ഷാ പദ്ധതിയും, ഗവേഷണവും**

ആലപ്പുഴ ജില്ലയിലെ ആലപ്പുഴ-മധുര, അമ്പലപ്പുഴ-തിരുവല്ല, അർത്തുങ്കൽ - ചെല്ലാനം എന്നീ റോഡുകളുടെ "സേഫ്റ്റി ഓഡിറ്റ്" നാറ്റ്പാക്കിന്റെ സഹായത്തോടെ കേരള റോഡ് സുരക്ഷാ അതോറിറ്റി നടത്തി കഴിഞ്ഞു.

**4. ട്രോമാകെയർ**

ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുവാൻ ആരോഗ്യ വകുപ്പുമായി സഹകരിച്ച് കേരള റോഡ് സുരക്ഷാ അതോറിറ്റി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ആംബുലൻസുകൾ സജ്ജീകരിക്കുന്നതിനും, ഹരിപ്പാട്, വടകര, പയ്യന്നൂർ, തിരൂർ, പത്തനംതിട്ട തുടങ്ങിയ കേന്ദ്രങ്ങളിൽ "ട്രോമാ കെയർ" സജ്ജീകരിക്കുവാനും, കേരളാ എമർജൻസി മെഡിക്കൽ സ്കീമിന്റെ ആംബുലൻസുകൾക്കുള്ള പ്രവർത്തന ചെലവിലേക്കുള്ള ഒറ്റ തവണ സഹായവും ആരോഗ്യവകുപ്പിന് കേരള റോഡ് സുരക്ഷാ അതോറിറ്റി നല്കിയിട്ടുണ്ട്.

**5. പരസ്യ ബോർഡുകൾ**

റോഡുകൾ, റോഡുകളുടെ വശങ്ങൾ, ട്രാഫിക് ഐലന്റുകൾ, മീഡിയനുകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന പരസ്യബോർഡുകൾ, ഡ്രൈവർമാരുടെയും റോഡ് ഉപയോഗിക്കുന്നവരുടെയും ശ്രദ്ധ

ചിലപ്പോൾ തെറ്റിച്ച് അപകടങ്ങൾ ഉണ്ടാകാറുണ്ട്. അതിനാൽ അനധികൃത പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിന് ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളേയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

**6. സ്റ്റുഡൻസ് കേഡറ്റ് പദ്ധതി.**

പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ കേരളത്തിലെ സ്കൂളുകളിൽ രൂപീകരിച്ചിരിക്കുന്ന സ്റ്റുഡൻസ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ കമ്മ്യൂണിറ്റി ലെവൽ റോഡ് സുരക്ഷ പ്രോഗ്രാം നടപ്പാക്കുന്നതിന് പോലീസ് വകുപ്പിന് സാമ്പത്തിക സഹായം നൽകി കേരള റോഡ് സേഫ്റ്റി മുഖേന നടപ്പിലാക്കുന്നു.

**7. ഫുട്പാത്ത് കൈയ്യേറ്റം.**

നിയമവിരുദ്ധമായി ഫുട്പാത്ത് കൈയ്യേറുന്നവരെ ഒഴിപ്പിക്കുവാനും കയ്യേറ്റങ്ങൾക്കെതിരെ റോഡ് സുരക്ഷാ അതോറിറ്റി ആക്ടിലെ 14,15,16,17 വകുപ്പുകൾ പ്രകാരം നടപടികളെടു ക്കുന്നുണ്ട്.

**8. വാഹന കുരുക്ക് തടയൽ**

കേരളത്തിലെ നഗരങ്ങളിൽ വർദ്ധിച്ചുവരുന്ന വാഹനകുരുക്ക് തടയുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടമെന്ന നിലയിൽ നഗരങ്ങളിലെ സ്കൂളുകളുടെ പ്രവർത്തനസമയം മാറ്റണമെന്ന് നിർദ്ദേശം നിലവിലുണ്ട്. കൂടാതെ സംസ്ഥാനത്തൊട്ടാകെ ട്രാഫിക് സൈൻ

ബോർഡുകൾ പൊതുമരാമത്ത് വകുപ്പ് മുഖേന സ്ഥാപിക്കുന്നതിനായി അതോറിറ്റി നടപടികളെടുത്തിട്ടുണ്ട്.

**9. ദശവത്സര റോഡ് സുരക്ഷാ പദ്ധതി.**

2020 ഓടെ വാഹന ദുരന്തങ്ങൾ ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ റോഡ് സുരക്ഷയ്ക്കായുള്ള 2011-2020 ദശകത്തിലേയ്ക്കുള്ള പൊതുവായ റോഡ് സുരക്ഷാ പദ്ധതികൾ താഴെപ്പറയുന്ന വകുപ്പുകൾ മുഖേന നടപ്പിലാക്കുന്നുണ്ട്:-

**(എ). പൊതുമരാമത്ത് വകുപ്പ്**

റോഡ് സുരക്ഷാ ദശകത്തിലെ കർമ്മപദ്ധതിയുടെ ഭാഗമായി "Black spot rectification" നും സ്കൂൾ സോൺ സുരക്ഷിതമാക്കുന്നതും, ബസ് ബേ, ബസ് ഷെൽറ്റർ എന്നിവയുടെ നിർമ്മാണവും പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് ടി വകുപ്പിന് ഫണ്ട് നൽകി.

**(ബി). പോലീസ് ഡിപ്പാർട്ട്മെന്റ്.**

ഇന്റർസെപ്റ്റർ വാഹനങ്ങൾ, ആൽകോമീറ്റർ, എന്നിവ വാങ്ങുന്നതിനും ശബരിമലയിൽ വേ ബ്ലിങ്കേഴ്സ്, പോലീസുകാർക്ക് ട്രോമാ കെയർ പരിശീലനം എന്നിവയ്ക്ക് റോഡ് സുരക്ഷാ അതോറിറ്റി സാമ്പത്തിക സഹായം നൽകി പോലീസ് വകുപ്പ് മുഖേന ഏർപ്പെടുത്തിവരുന്നു. അപകട മരണങ്ങൾ തടയുന്നതിനായി പോലീസ് വകുപ്പും മറ്റ് വകുപ്പുകളുമായി ചേർന്ന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. അപകട സാധ്യത

കൂടുതലുള്ള റോഡുകളിൽ ട്രാഫിക് ഡിവൈഡറുകളും, സിഗ്നൽ ബോർഡുകളും. സ്പീഡ് ഡിറ്റക്ഷൻ ക്യാമറകളും സ്ഥാപിച്ച് ഗതാഗത നിയന്ത്രണം നടത്തി വരുന്നു. കൂടാതെ അത്യാധുനിക ട്രാഫിക് ഉപകരണങ്ങളുടെ സഹായത്തോടെ വാഹന പരിശോധന നടത്തി കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചും വരുന്നു.

**(സി). മോട്ടോർ വാഹന വകുപ്പ്**

റോഡ് സുരക്ഷാ ബോധവൽക്കരണവും വിവിധ റോഡ് സുരക്ഷാ പ്രവർത്തനങ്ങളും ഈ വകുപ്പ് മുഖേന നടത്തി വരുന്നു. വിവിധ തരത്തിലുള്ള വാഹന ഡ്രൈവർമാർക്കുള്ള ബോധവൽക്കരണ പരിപാടികൾ, എറണാകുളത്ത് ഡ്രൈവിംഗ് ടെസ്റ്റ് ട്രാക്ക് റോഡ് സുരക്ഷാ ഉപകരണങ്ങൾ വാങ്ങൽ, ആട്ടോമേഷൻ ഓഫ് എൻഫോഴ്മെന്റ് വിംഗ് എന്നിവയ്ക്ക് റോഡ് സുരക്ഷാ അതോറിറ്റി സാമ്പത്തിക സഹായം നൽകി. മോട്ടോർ വാഹന വകുപ്പിനു കീഴിലുള്ള 34 മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും പോലീസ് വകുപ്പും നിരന്തരമായി നടത്തുന്ന വാഹന പരിശോധനകളേയും, റോഡ് സുരക്ഷയെക്കുറിച്ചും റോഡപകടങ്ങളെക്കുറിച്ചും പൊതുജനങ്ങളെ ബോധവൽകരിക്കുന്നതിനുള്ള വിവിധ പരിപാടികളേയും തുടർന്ന് റോഡപകടങ്ങളും അപകടങ്ങളെ തുടർന്നുള്ള മരണങ്ങളുടെ സംഖ്യയും വളരെയേറെ കുറയ്ക്കുവാൻ

സാധിച്ചിട്ടുണ്ട്. ക്യാമറകളും, കൺട്രോൾ റൂമുമുള്ള ''ഓട്ടോമേറ്റഡ് എൻഫോഴ്സ്മെന്റ്'' സംവിധാനം ഉപയോഗിച്ചും സിറ്റിയിലെ ട്രാഫിക് ലംഘനങ്ങളും അപകടങ്ങളും കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഹൈവേകൾ പൂർണ്ണമായും സർവൈലൻസ് ക്യാമറകളുടെ നിരീക്ഷണത്തിലാണ്. സ്പീഡ് ഗവർണർ, ഹെൽമറ്റ്, സീറ്റ്ബെൽറ്റ് എന്നിവ നിർബന്ധമാക്കുകയും ലംഘനങ്ങൾ കണ്ടെത്തുന്നതിന് കർശനമായ പരിശോധനകൾ നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ അപകടകരമായ ''ഹോർഡിങ്സും'' പരസ്യങ്ങളും റോഡുവക്കുകളിൽ നിന്നും നീക്കം ചെയ്യുന്നുമുണ്ട്.

**(ഡി) നാറ്റ്പാക്ക്**

റോഡ് സുരക്ഷാ പഠനവും, ബോധവൽക്കരണ പരിപാടികൾ ഉൾപ്പെടെ വിവിധ റോഡ് സുരക്ഷ പ്രവർത്തനങ്ങളും നാറ്റ്പാക് മുഖേന നടപ്പിലാക്കുന്നതിന് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

**(ഇ) കെൽട്രോൺ**

തിരുവനന്തപുരം നഗരത്തിലെ 62 ജംഗ്ഷനുകളിലും, കൊച്ചി നഗരത്തിലെ 14 ജംഗ്ഷനുകളിലും, കോഴിക്കോട് നഗരത്തിലെ 27 ജംഗ്ഷനുകളിലും, സ്പീഡ് ഡിറ്റക്ഷൻ ആന്റ് സെക്യൂരിറ്റി ലംഘന വയലേഷൻ ഡിറ്റക്ഷൻ ക്യാമറകൾ ഘടിപ്പിക്കുന്നതിന് പോലീസ് വകുപ്പിന്റെ ഏകോപനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ചേർത്തല - മണ്ണൂത്തി മാതൃകാ

| | | | |
|---|---|---|---|
| | | | റോഡ് പദ്ധതിയുടെ ഒന്നാംഘട്ടമായി റഡാർ സർവൈലൻസ് സിസ്റ്റവും, ട്രാഫിക് റഗുലേറ്റിംഗ് സംവിധാനവും നടപ്പിലാക്കി കഴിഞ്ഞു.<br>**(എഫ്). ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ**<br>റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാ കൗൺസിലുകൾ മുഖേന ഓരോ ജില്ലകളിലും വിവിധ റോഡ് സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.<br>ഈ പ്രവർത്തനങ്ങൾക്കുപരിയായി വർദ്ധിച്ചു വരുന്ന റോഡ് അപകടങ്ങളുടെ കാരണവും അത് കുറയ്ക്കുവാൻ സ്വീകരിക്കേണ്ട മാർഗ്ഗങ്ങളേയും കുറിച്ച് പഠിച്ച് ശുപാർശ സമർപ്പിക്കുന്നതിനായി 10.10.2013 ലെ നോട്ടിഫിക്കേഷൻ പ്രകാരം റിട്ട: ഹൈക്കോടതി ജസ്റ്റിസ് റ്റി.കെ. ചന്ദ്രശേഖരദാസിനെ അന്വേഷണ കമ്മീഷനായി നിയമിച്ചിട്ടുണ്ട്. |
| (ബി) | റോഡ് അപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിന് കോളേജ് തലത്തിൽ വ്യാപകമായ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | കോളേജ് തലത്തിൽ റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നുണ്ട്. സംസ്ഥാനത്തെ വിവിധ പ്രൊഫഷണൽ കോളേജുകൾ മുഖേനയും നാഷണൽ സർവ്വീസ് സ്കീം വോളന്റിയർമാർ മുഖേനയും കോളേജുകളിൽ റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ കേരളാ റോഡ് സുരക്ഷാ അതോറിറ്റി നടത്തുന്നുണ്ട്. കൂടാതെ കോളേജുകളുടെ ആഭിമുഖ്യത്തിലുള്ള പ്രസിദ്ധീകരണങ്ങളിൽ റോഡ് സുരക്ഷാ |

| | | |
|---|---|---|
| | | ബോധവൽക്കരണ പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ട്.<br>റോഡ് സേഫ്റ്റി ക്ലബ് വഴി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബോധവൽക്കരണം നടത്തി വരുന്നുണ്ട്. 'റോഡു സുരക്ഷ' സിലബസ്സിൽ ഉൾപ്പെടുത്തുവാൻ നടപടികൾ എടുത്തിട്ടുണ്ട്. അദ്ധ്യാപകർക്ക് പിരിശീലന പരിപാടികൾ നടത്തുകയും അവരിലൂടെ വിദ്യാർത്ഥികൾക്ക് റോഡു സുരക്ഷാ സന്ദേശം പകർന്നു നല്കുകയും ചെയ്യുന്നുണ്ട്.<br>കൂടാതെ ജനമൈത്രി പോലീസ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നിവയുടെ നേതൃത്വത്തിൽ യുവാക്കൾക്കിടയിലും, വിദ്യാർത്ഥികൾക്കിടയിലും ട്രാഫിക് ബോധവൽക്കരണവും നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ